പോയതിനാൽ അതാതു താലൂക്കിൽനിന്നു വാങ്ങുന്ന നെല്ലും ഡിപ്പോകളിൽ ഉണ്ടായിരുന്ന അരിയും കൂട്ടിയാണു റേഷൻ കൊടുത്തിരുന്നതു്. നെല്ല കൂടുതൽ വാങ്ങാത്ത താലൂക്കുകളിൽ മുഴുവൻ റേഷൻ കൊടുക്കുവാൻ സാധിച്ചിട്ടില്ല.

അരി

*൯൯൯. (൯൪) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആഗസ്റ്റു്മാസത്തിലേക്കു തിരുവിതാംകൂറിലും കൊച്ചിയിലും എത്ര അരിവീതം കിട്ടിയെന്നു പറയുമോ;

(ബി) കൊച്ചിയിൽ സംഭരിച്ചിട്ടുള്ള നെല്ല തിരുവിതാംകൂറിലേക്കും തിരുവിതാംകൂറിൽ സംഭരിച്ചിട്ടുള്ള നെല്ല കൊച്ചിയിലേക്കും ആവശ്യത്തിനു വിനിയോഗിച്ചിട്ടുണ്ടോ;

(സി) സെൻട്രൽ ഗവൺമെണ്ടിൽനിന്നും തിരുവിതാംകൂറിനും കൊച്ചിക്കും അരി തരുന്നതു പ്രത്യേകം പ്രത്യേകം കോട്ടായായിട്ടും പ്രത്യേകം കണക്കിലുമാണോ, അതോ ഒന്നായിട്ടാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ആഗസ്റ്റുമാസം സംസ്ഥാനത്തിലേക്കു കോട്ടാ അനുവദിച്ചിരുന്നില്ല. എന്നാൽ ആ മാസത്തിനുമുമ്പു് അനുവദിച്ചിരുന്ന കോട്ടായിൽനിന്നും ൪൭,൫൭൫ ടൺ അരി ആഗസ്റ്റുമാസത്തിൽ സംസ്ഥാനത്തിൽ എത്തിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഒന്നായിട്ടാണു്.

നെല്ലെടുപ്പു സംബന്ധിച്ചു നിർദ്ദേശം

*൧൦൦൦. (൯൬) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറിൽ നെല്ലെടുക്കുന്നതിനെ സംബന്ധിച്ചു് ഇൻഡ്യാഗവൺമെണ്ടു വല്ല നിർദ്ദേശവും തന്നിട്ടുണ്ടോ;

(ബി) തിരുവിതാംകൂറിലും കൊച്ചിയിലുംനിന്നു് എത്ര നെല്ലുവീതം എടുക്കണമെന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) നെല്ലെടുപ്പു കൂടുതൽ കാര്യക്ഷമമാക്കണമെന്നല്ലാതെ വേറെ നിർദ്ദേശം തന്നിട്ടില്ല.

(ബി) ഇല്ല.

ഡെൽഹി കാൺഫറൻസു്

*൧൦൦൧. (൯൭) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പല പ്രോവിൻസുകളേയും സ്റ്റേറുകളേയും അപേക്ഷിച്ചു തിരുവിതാംകൂർ–കൊച്ചിയിൽ ഭക്ഷ്യസാധനങ്ങൾ വളരെ കുറവാണെന്നു സെൻട്രൽ ഗവൺമെണ്ടിനെ ധരിപ്പിച്ചിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly